**No. CEE/4600/KEAM2020/TA4**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കീം 2020
## പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അവസരം സംബന്ധിച്ച്

2020–21 അദ്ധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷയ്ക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റ് വഴി അപേക്ഷകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത പരീക്ഷാകേന്ദ്രത്തിൽ മാറ്റം വരുത്തുന്നതിന് അവസരം നൽകുന്നു. നിലവിൽ കേരളത്തിന് പുറത്തുള്ള മുംബൈ, ഡൽഹി, ദുബായ് എന്നീ പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രസ്തുത കേന്ദ്രങ്ങൾ തമ്മിലോ കേരളത്തിനകത്തുള്ള പരീക്ഷാ കേന്ദ്രത്തിലേക്കോ മാറ്റം അനുവദിക്കുന്നതാണ്. അതുപോലെ കേരളത്തിനകത്ത് പരീക്ഷാ കേന്ദ്രം തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിന് പുറത്തുള്ള പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്കുള്ള മാറ്റവും അനുവദിക്കുന്നതാണ്. എന്നാൽ കേരളത്തിനകത്തെ വിവിധ ജില്ലകളിലുള്ള പരീക്ഷാ കേന്ദ്രം പരസ്പരം മാറ്റുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നതല്ല. മേൽ പറഞ്ഞ രീതിയിൽ പരീക്ഷാകേന്ദ്രത്തിൽ മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'KEAM2020 Candidate Portal'** മുഖേന **2020 ജൂൺ 24–ാം തീയതി 10 മണി മുതൽ ജൂൺ 27 ഉച്ചക്ക് 4.00 മണി വരെ** സമയം അനുവദിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് മേൽ വെബ് സൈറ്റിലെ 'Candidate login' എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം 'Change Examination Centre' എന്ന ലിങ്ക് വഴി പരീക്ഷാ കേന്ദ്രം മാറ്റാവുന്നതാണ്. പരീക്ഷാകേന്ദ്രത്തിൽ മാറ്റം വരുത്തുമ്പോൾ അധികമായി ഫീസ് അടയ്ക്കേണ്ടി വരുകയാണെങ്കിൽ ഓൺലൈനായി മാത്രമേ ഫീസ് അടയ്ക്കാൻ സാധിക്കുകയുള്ളു. ഇതിനുള്ള അവസരം പിന്നീട് നൽകുന്നതാണ്. പരീക്ഷാകേന്ദ്രം മാറ്റുന്നതിന് ഒരു തവണ മാത്രമേ അവസരം ഉണ്ടായിരിക്കുകയുള്ളു. മേൽപറഞ്ഞ കാലാവധിക്കുള്ളിൽ മാറ്റം വരുത്തിയ പരീക്ഷാകേന്ദ്രം പിന്നീട് മാറ്റം വരുത്തുന്നതിന് അവസരം ലഭിക്കുന്നതല്ല. പരീക്ഷാകേന്ദ്രം മാറ്റുന്നതിനായി തപാലിലോ നേരിട്ടോ ഇമെയിലായോ ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശദമായ വിജ്ഞാപനത്തിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 – 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.06.2020